**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **06-12-2022 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലകയറ്റം തടയാൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അംഗീകൃത സിമൻറ് നിർമ്മാതാക്കൾ സിമന്റ് വില കുത്തനെ ഉയർത്തുന്നതുമൂലം കെട്ടിട നിർമാണ മേഖല പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാരണങ്ങളാൽ നിർമ്മാണ മേഖല പ്രതിസന്ധിയിൽ ആയിട്ടുള്ളതായി കരുതുന്നില്ല. സിമന്റ് ഉദ്പാദിപ്പിക്കുന്ന കമ്പനികളിൽ ഭൂരിഭാഗവും സംസ്ഥാനത്തിനു പുറത്ത് ആകയാൽ സിമന്റിന്റെ വില വർദ്ധനവിൽ നേരിട്ട് ഇടപെടുന്നതിന് സർക്കാരിന് പരിമിതിയുണ്ട്. എന്നിരുന്നാലും വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സിമന്റ് ഉദ്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിച്ച് വില കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. മണലിന്റെയും ക്വാറി ഉൽപ്പന്നങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലാ കളക്ടർമാരും യഥാസമയ ഇടപെടലുകൾ നടത്തുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ വാളയാർ, ചേർത്തല പ്ലാന്റുകളിൽ നിന്ന് ഉത്പാദനം വർദ്ധിപ്പിച്ച് കേരളത്തിലുടനീളം ന്യായമായ വിലക്ക് സിമന്റ് ലഭ്യമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ച് വരുന്നു. മലബാർ സിമന്റ്സിന്റെ ചില്ലറ വിൽപ്പന വില മറ്റ് സ്വകാര്യ കമ്പനികളെക്കാൾ താരതമ്യേന കുറവാണ്. |
| (ബി) | സിമന്റ്, കമ്പി, മണൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാരണങ്ങളാൽ നിർമ്മാണ മേഖല പ്രതിസന്ധിയിൽ ആയിട്ടുള്ളതായി കരുതുന്നില്ല. സിമന്റ് ഉദ്പാദിപ്പിക്കുന്ന കമ്പനികളിൽ ഭൂരിഭാഗവും സംസ്ഥാനത്തിനു പുറത്ത് ആകയാൽ സിമന്റിന്റെ വില വർദ്ധനവിൽ നേരിട്ട് ഇടപെടുന്നതിന് സർക്കാരിന് പരിമിതിയുണ്ട്. എന്നിരുന്നാലും വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സിമന്റ് ഉദ്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിച്ച് വില കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | മണലിന്റെയും ക്വാറി ഉൽപ്പന്നങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലാ കളക്ടർമാരും യഥാസമയ ഇടപെടലുകൾ നടത്തുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ വാളയാർ, ചേർത്തല പ്ലാന്റുകളിൽ നിന്ന് ഉത്പാദനം വർദ്ധിപ്പിച്ച് കേരളത്തിലുടനീളം ന്യായമായ വിലക്ക് സിമന്റ് ലഭ്യമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ച് വരുന്നു. മലബാർ സിമന്റ്സിന്റെ ചില്ലറ വിൽപ്പന വില മറ്റ് സ്വകാര്യ കമ്പനികളെക്കാൾ താരതമ്യേന കുറവാണ്. |
| (സി) | സംസ്ഥാനത്ത് സിമന്റ് ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രതിമാസ ഉത്പാദന ശേഷി വർദ്ധിപ്പിക്കുവാൻ ക്ലിങ്കർ ഇറക്കുമതി ചെയ്യുന്നതുൾപ്പെടെയുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ ഉത്പന്നമായ വെള്ള സിമന്റിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ